# കേരള സർവകലാശാല

നം. പി.ആർ.159/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### തെറ്റായ വാർത്ത നൽകിയത് സംബന്ധിച്ച്

കേരള സർവകലാശാലയിൽ ആഗസ്റ്റ് 26-ന് നടന്ന സിൻഡിക്കേറ്റ് യോഗത്തെ സംബന്ധിച്ച് ആഗസ്റ്റ് 27-ന് മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച വാർത്തയിലെ അവസാന വാചകമായ "ലീഗൽ അഡ്വൈസർ സ്ഥാനത്ത് നിന്ന് അഡ്വ. അബ്ദുൾ കരീമിനെ മാറ്റി" എന്ന വാർത്ത തെറ്റാണ്. പ്രസ്തുത യോഗത്തിൽ ലീഗൽ അഡ്വൈസറെ മാറ്റണമെന്ന ചർച്ച നടന്നിട്ടില്ല. മാത്രവുമല്ല ഇതുസംബന്ധിച്ച മറ്റ് വാർത്തകൾ മാധ്യമങ്ങൾക്ക് സർവകലാശാല നൽകിയിട്ടുമില്ല. മാതൃഭൂമി ഈ വാചകം തിരുത്തി നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

### തെറ്റായ വാർത്ത നൽകിയത് സംബന്ധിച്ച്

കേരള സർവകലാശാലയിൽ ആഗസ്റ്റ് 26-ന് നടന്ന സിൻഡിക്കേറ്റ് യോഗത്തെ സംബന്ധിച്ച് ആഗസ്റ്റ് 27-ന് മലയാള മനോരമയിൽ പ്രസിദ്ധീകരിച്ച വാർത്തയിലെ വാചകമായ "നിലവിലെ ലീഗൽ അഡ്വൈസറെ മാറ്റാൻ തീരുമാനമായെന്നും പുതിയ ആളെ കണ്ടെത്തുന്നതുവരെ അദ്ദേഹത്തെ തുടരാൻ അനുവദിച്ചു" എന്ന വാർത്ത തെറ്റാണ്. പ്രസ്തുത യോഗത്തിൽ ലീഗൽ അഡ്വൈസറെ മാറ്റണമെന്ന ചർച്ച നടന്നിട്ടില്ല. മാത്രവുമല്ല ഇതുസംബന്ധിച്ച മറ്റ് വാർത്തകൾ മാധ്യമങ്ങൾക്ക് സർവകലാശാല നൽകിയിട്ടുമില്ല. മലയാള മനോരമ ഈ വാചകം തിരുത്തി നൽകുമെന്ന് പ്രതീക്ഷിക്കുന്നു.

### സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം പൊളിറ്റിക്കൽ സയൻസ് പഠനവകുപ്പിൽ എം.എ പൊളിറ്റിക്സിന് എസ്.ടി വിഭാഗത്തിൽ രണ്ട് സീറ്റുകൾ ഒഴിവുണ്ട്. അർഹരായവർ ആഗസ്റ്റ് 29 രാവിലെ 10 മണിക്ക് വകുപ്പുമായി ബന്ധപ്പെടുക. ഫോൺ. 0471-2308307.

കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പിൽ എം.ടെക് (ടെക്നോളജി മാനേജ്മെന്റ് - 2016-17) എസ്.സി/എസ്.ടി (മൂന്ന്) മുസ്ലീം (ഒന്ന്) സ്പോൺസേഡ് (രണ്ട്) വിഭാഗങ്ങളിൽ സീറ്റൊഴിവുണ്ട്. യോഗ്യത: കേരള സർവകലാശാല അംഗീകരിച്ച ബി.ടെക് 55%. താൽപര്യമുള്ളവർ എല്ലാ അസ്സൽ രേഖകൾ സഹിതം ആഗസ്റ്റ് 30 രാവിലെ 10.30-ന് പഠനവകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2305321, 9446403562.

തൈക്കാട് എഡ്യൂക്കേഷൻ പഠനവകുപ്പിൽ എം.എഡ് കോഴ്സിന് എസ്.സി/എസ്.ടി വിഭാഗത്തിൽ ഒഴിവുള്ള സീറ്റിലേക്ക് ആഗസ്റ്റ് 30 രാവിലെ 10 മണിക്ക് വകുപ്പിൽ സ്പോട്ട് അഡ്മിഷൻ നടത്തും. വിദ്യാർത്ഥികൾ അസ്സൽ രേഖകൾ സഹിതം ഹാജരാകണം. ഫോൺ. 0471-2304718.

### ബി.സി.എ വൈവ

കേരള സർവകലാശാല ജൂണിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.സി.എ കോഴ്സിന്റെ പ്രായോഗിക പരീക്ഷകൾ ആഗസ്റ്റ് 29-നും ആഗസ്റ്റിൽ നടന്ന രണ്ടാം സെമസ്റ്റർ ബി.സി.എ കോഴ്സിന്റെ പ്രായോഗിക പരീക്ഷകൾ

സെപ്റ്റംബർ 29-നും തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് സൂക്ഷ്മപരിശോധന

കേരള സർവകലാശാല നവംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക് (2008 സ്കീം) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്പരിശോധനയ്ക്ക് അപേക്ഷിച്ചവർ ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ സെപ്റ്റംബർ രണ്ട് വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ വൈകുന്നേരം മൂന്ന് മുതൽ അഞ്ച് മണിവരെയുള്ള സമയങ്ങളിൽ ഹാജരാകണം.

ജനുവരി/ഫെബ്രുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ എല്ലാ ബ്രാഞ്ചുകളിലേയും ഉത്തരക്കടലാസുകൾ സൂക്ഷ്പരിശോധനയക്ക് ഓൺലൈനായി അപേക്ഷിച്ചവർ ആഗസ്റ്റ് 31 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയം ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

## എൽ.എൽ.എം/എം.ബി.എൽ പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബർ 28-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എൽ.എൽ.എം/എം.ബി.എൽ പരീക്ഷയക്ക് പിഴകൂടാതെ സെപ്റ്റംബർ ഒന്ന് (50 രൂപ പിഴയോടെ സെപ്റ്റംബർ അഞ്ച്, 250 രൂപ പിഴയോടെ സെപ്റ്റംബർ ഏഴ്) വരെ അപേക്ഷിക്കാം.

ഒക്ടോബർ മൂന്നിന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.എം/എം.ബി.എൽ പരീക്ഷയ്ക്ക് പിഴകൂടാതെ സെപ്റ്റംബർ ആറ് (50 രൂപ പിഴയോടെ സെപ്റ്റംബർ എട്ട്, 250 രൂപ പിഴയോടെ സെപ്റ്റംബർ ഒമ്പത്) വരെ അപേക്ഷിക്കാം.

## ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസ് : അപേക്ഷ സെപ്റ്റംബർ ഒമ്പത് വരെ

കേരള സർവകലാശാലയിലെ സെന്റർ ഫോർ ട്രാൻസലേഷൻ ആൻഡ് ട്രാൻസലേഷനിൽ നടത്തുന്ന ഒരു വർഷത്തെ ഡിപ്ലോമ ഇൻ ട്രാൻസലേഷൻ സ്റ്റഡീസിന് സെപ്റ്റംബർ ഒമ്പത് വരെ അപേക്ഷിക്കാം. ഏതെങ്കിലും വിഷയ ത്തിൽ 50%-ൽ കുറയാത്ത മാർക്കോടുകൂടിയ ബിരുദമാണ് അടിസ്ഥാന യോഗ്യത. എന്നാൽ അപേക്ഷകർ ഹിന്ദി ഭാഷ ഐച്ഛികമായോ, രണ്ടാം ഭാഷ യായോ പഠിച്ചിട്ടുള്ളവരോ, അതുമല്ലെങ്കിൽ 10, +2 തലത്തിലോ അതിനുമുക ളിലോ ഹിന്ദി മാധ്യമത്തിൽ പഠിച്ചിട്ടുള്ളവരോ, അഥവാ ഹിന്ദി പ്രചാരസഭപോ ലുള്ള അംഗീകൃത സ്ഥാപനത്തിൽ നിന്നും സർട്ടിഫിക്കറ്റ്/ഡിപ്ലോമ കരസ്ഥമാ ക്കിയിട്ടുള്ളവരോ ആയിട്ടുള്ള ബിരുദധാരികൾ ആയിരിക്കണം. വിശദ വി വരങ്ങൾക്ക് ഡയറക്ടർ, സെന്റർ ഫോർ ട്രാൻസലേഷൻ ആൻഡ് ട്രാൻസലേഷൻ സ്റ്റഡീസുമായി ബന്ധപ്പെടുക. ഫോൺ : 9349439544

## ബി.എസ്‌സി പ്രാക്ടിക്കൽ ടൈംടൈബിൾ

കേരള സർവകലാശാല ജൂണിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് നാലാം സെമസ്റ്റർ ബി.എസ്‌സി ബയോകെമിസ്ട്രി & ഇൻഡസ്ട്രിയൽ മൈക്രോബയോളജി പരീക്ഷയുടെ കോർ ബയോകെമിസ്ട്രി, ബി.എസ്‌സി ബോട്ടണി & ബയോടെക്നോളജി പരീക്ഷയുടെ കോംപ്ലിമെന്ററി ബയോകെമിസ്ട്രിയുടെയും പ്രാക്ടിക്കൽ ആഗസ്റ്റ് 30 മുതൽ നടത്തും. ടൈംടൈബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.സി.എ ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.സി.എ (റഗുലർ – 2015 സ്കീം & സപ്ലിമെന്ററി – 2011 & 2006 സ്കീം) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സ്റ്റാറ്റിസ്റ്റിക്സ് (സി.ബി.സി.എസ്) പ്രാക്ടിക്കൽ

കേരള സർവകലാശാല ആഗസ്റ്റ് 31-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ ബി.എസ്സി സ്റ്റാറ്റിസ്റ്റിക്സ് (സി.ബി.സി.എസ്) പ്രാക്ടിക്കൽ പരീക്ഷയുടെ പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിലും (www.keralauniversity.ac.in) അതത് കോളേജുകളിലും ലഭിക്കും.

സർവകലാശാല മന്ദിരം,

തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ

27.08.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**